(എഫ്) ഇപ്രകാരം ചെയ്യാൻ ആരോഗ്യ വകുപ്പിലെ ഏതെങ്കിലും അധികൃതർ കണ്ണൂർ ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് ഇങ്ങനെ നിർദ്ദേശം നൽകിയത്;

(ജി) ഡോക്ടർ ജോലിയിൽ പ്രവേശിക്കാത്ത കാരണത്താൽ ഏതെങ്കിലും ആശുപത്രികളിൽ സ്റ്റാഫ് നേഴ്സിനെ നിയമിക്കേണ്ടെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് ഇങ്ങനെ നിർദ്ദേശം നൽകിയത്;

(എച്ച്) നിയമന ഉത്തരവ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാത്തവരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഐ) എൻ.ജെ.ഡി. ഒഴിവുകളുൾപ്പെടെ മുഴുവൻ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 129.

(ബി) 129.

(സി) 129.

(ഡി) 13-7-2005 വരെ 57 പേർ ജോലിയിൽ പ്രവേശിച്ചു.

(ഇ) നിയമന ശുപാർശ ലഭിച്ച മുഴുവൻ പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) നിർദ്ദേശം നൽകിയിട്ടില്ല.

(ജി) ഇങ്ങനെ നിർദ്ദേശം നൽകിയിട്ടില്ല.

(എച്ച്) നിയമനം ലഭിച്ചവരിൽ ഇതുവരെയായി 10 പേർ ജോലിക്ക് ഹാജരായിട്ടില്ല. അതിൽ നിയമന ഉത്തരവ് കൈപ്പറ്റാതെ കവർ തിരിച്ചു വരുന്നവരുടെ കാര്യം പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്.

(ഐ) ഉദ്യോഗാർത്ഥികളെ നിയമിച്ച സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ടു ചെയ്യുന്ന മുറയ്ക്കും കൂടാതെ ജില്ലയിലുണ്ടാകുന്ന സ്റ്റാഫ് നേഴ്സുമാരുടെ ഒഴിവുകൾ അടക്കം യഥാസമയം പി. എസ്. സി. യെ അറിയിക്കുന്നതാണ്.

പൊതുജനാരോഗ്യ മേഖലയിലെ ഒഴിവുള്ള തസ്തികകൾ

62 [1758] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുജനാരോഗ്യ മേഖലയിലെ ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ്, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ലെപ്രസി ഇൻസ്പെക്ടർ,

LIBRARY ARCHIVES Kerala Legislative Assembly

സ്വീപ്പർ, കുക്ക്, ഡ്രൈവർ എന്നീ തസ്തികകളിലായി ആകെ എത്ര ഒഴിവുകളുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) പി.എസ്.സി. മുഖേന നിയമിക്കാവുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രമോഷൻ മുഖേന നിയമിക്കാവുന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ലെപ്രസി ഇൻസ്പെക്ടർ തസ്തിക ജനറൽ ഹെൽത്തുമായി ഇന്റഗ്രേറ്റ് ചെയ്തതിനാൽ ഒഴിവുകൾ നികത്തേണ്ടതില്ല.

കുറത്തികാട് പി. എച്ച്. സി. യിൽ ഐ. പി. വിഭാഗം

63 [1760] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കുറത്തികാട് പി. എച്ച്. സി.യിൽ ഇപ്പോൾ എത്ര മെഡിക്കൽ ആഫീസർമാർ സേവനം നടത്തുന്നുണ്ട്;

(ബി) ഇവിടെ ഐ. പി. വിഭാഗം തുടങ്ങുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇവിടെ അടിയന്തിരമായി ഐ. പി. വിഭാഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന്.

(ബി) ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ജോലികൾ പൂർത്തിയാകാത്തതാണ് കിടത്തി ചികിത്സ തുടങ്ങുവാൻ സാധിക്കാത്തതിനുള്ള കാരണം.

(സി) കിടത്തി ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായാലുടൻ ഐ. പി. വിഭാഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly